ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന പരാതി

* 544 [591] ശ്രീ. എം. വി. രാജഗോപാലൻ
,, പി. പി. എസ്തോസ്:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, കെ. ശ്രീധരൻ:
,, വി. വി. ദക്ഷിണാമൂർത്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനത്തിനുവേണ്ടിയുള്ള അപേക്ഷകൾ പരിശോധിച്ച് വിധി നിർണ്ണയിക്കുവാനുള്ള ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കമ്മിറ്റികൾക്ക് ഇന്നുള്ള അധികാരങ്ങൾ എന്തൊക്കെയാണ്;

(സി) സർവീസ് സഹകരണസംഘങ്ങൾ മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പകൾ നൽകുമെന്ന ഗവൺമെന്റ് പ്രഖ്യാപനമനുസരിച്ച് വായ്പകൾ നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സാമൂഹ്യവികസനവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്):

(എ) വ്യക്തിപരമായ ചുരുക്കം ചില പരാതികൾ ഒഴിച്ചാൽ ഇത്തരം കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് പൊതുവേ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) അപേക്ഷകന്റെ വരുമാനം, ജോലി, വയസ്സ് മുതലായവയെ സംബന്ധിച്ച് അപേക്ഷയിൽ നൽകിയ വസ്തുതകൾ സത്യസന്ധമാണോ എന്ന് പരിശോധിക്കുവാനും അതനുസരിച്ച് പ്രസ്തുത വ്യക്തി സഹായധനത്തിനർഹനാണോ എന്ന് തീർപ്പ് കൽപ്പിക്കുവാനുമുള്ള അധികാരം പ്രാദേശിക നിർവഹണസമിതികളിൽ നിക്ഷിപ്തമാണ്.

(സി) തൊഴിലില്ലായ്മ സഹായധനം ലഭിക്കുന്നവർക്ക് സ്വന്തം തൊഴിൽ കണ്ടെത്തുന്നതിലേക്കായി വായ്പ നൽകുമെന്ന ഗവൺമെന്റ് പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സംസ്ഥാന സഹകരണ ബാങ്ക് മുഖേന സഹകരണ സംഘങ്ങൾക്കു നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന വായ്പകൾക്ക് 4 ശതമാനം പലിശ ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് വേണ്ടത്ര പ്രചരണം നൽകാൻ ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും യുവജന സംഘടനകളുടെ സഹകരണത്തോടെ യോഗങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly